**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428** **15-10-2024 - ൽ മറുപടിയ്ക്ക്**

**വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയ ഉദ്യോഗസ്ഥർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം നേടിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ അത്തരത്തിൽ സ്ഥാനക്കയറ്റം നേടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങളും അത്തരം കേസുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആർ.കളുടെ വിവരവും ലഭ്യമാക്കാമോ; എഫ്.ഐ.ആർ നൽകിയിട്ടില്ല എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ബിരുദത്തിന്റേയും വകുപ്പുതല പരീക്ഷകളുടേയും സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന ആരോപണ ത്തിന്മേൽ വി.ഇ.03/2024/സി.ആർ.ഇ. നമ്പരായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മദ്ധ്യമേഖല എറണാകുളം ഓഫീസിൽ ഒരു വിജിലൻസ് അന്വേഷണം നടത്തി വരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ